# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **2845.** 12..10..2011-ൽ മറുപടിക്ക്

## പുൽകൃഷിത്തോട്ടം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. എം.എ. വാഹീദ്**<br>**ശ്രീ. പി.സി. വിഷ്ണുനാഥ്**<br>**ശ്രീ. റ്റി.എൻ. പ്രതാപൻ** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിൽ നിന്ന് അനുകൂല മറുപടി ലഭിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം അടിയന്തിര പരിഗണനയ്ക്കായി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കാലിത്തീറ്റയ്ക്ക് വില പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി ഓരോ ബ്ലോക്കിലും പുൽകൃഷിത്തോട്ടം വച്ച് പിടിപ്പിക്കുന്നതിനുള്ള തിരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്ന തീറ്റപ്പുൽ കൃഷി വികസന പദ്ധതി പ്രകാരം 1110 ഹെക്ടർ പ്രദേശത്ത് 20 സെന്റിനും അതിനു മുകളിൽ ഏരിയ വരുന്ന പ്ലോട്ടുകളിലും പുൽകൃഷി നടത്തുന്നതിന് ഹെക്ടറൊന്നിന് 12,000/- രൂപ സബ്സിഡിയും സൗജന്യ നിരക്കിൽ പുൽക്കടകളും നൽകുന്നു. കൂടാതെ, 1479 ഹെക്ടർ പ്രദേശത്ത് 20 സെന്റിൽ കുറവുള്ള പ്ലോട്ടുകളിൽ പുൽകൃഷി ചെയ്യുന്നതിനായി സൗജന്യമായി പുൽക്കടകൾ വിതരണം നടത്തിവരുന്നു. ഈ പദ്ധതി എല്ലാ ബ്ലോക്കുകളിലും നടപ്പാക്കി വരുന്നുണ്ട്. |
| (സി) എങ്കിൽ ക്ഷീരകർഷ കൂട്ടായ്മ ഭൂമി പാട്ടത്തിനുനൽകി പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.